# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3195      14/03/2018-ന് മറുപടിക്ക്

## പറമ്പിക്കുളം ആളിയാർ കരാർ നടപ്പാക്കുന്നതിലെ അപാകതകളും നടപടികളും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കൃഷ്ണൻകുട്ടി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) 2005 മുതൽ 2018 വരെയുള്ള വർഷങ്ങളിൽ പറമ്പിക്കുളം ആളിയാർ കരാറനുസരിച്ച് എത്ര വെള്ളമാണ് കേരളത്തിന് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | എ) 2005-2006 മുതൽ 2016-17 വരെ ജലവർഷങ്ങളിൽ കേരളത്തിന് പി.എ.പിയിൽ നിന്ന് ലഭ്യമായ ജലത്തിന്റെ അളവ് അനുബന്ധമായി ചേർക്കുന്നു. നടപ്പ് (2017 -18) ജല വർഷത്തിൽ 2018 ഫെബ്രുവരി അവസാനം വരെ മണക്കടവ് വിയറിൽ 5263 എം.സി.എഫ്.റ്റി ജലവും, കേരള ഷോളയാറിൽ 6553 എം.സി.എഫ്.റ്റി ജലവും അപ്പർ നീരാർ വിയറിൽ നിന്നും 2017 ഒക്റ്റോബർ 1 മുതൽ 2018 ജനുവരി 31 വരെ 1014 എം.സി.എഫ്.റ്റി ജലവും ലഭിച്ചിട്ടുണ്ട്. |
| ബി) കരാറനുസരിച്ച് വെള്ളം ലഭിക്കാത്തതിനാൽ മേൽ വർഷങ്ങളിൽ ഉണ്ടായ കൃഷിയുടെ നഷ്ടം സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ ; | ബി) കാർഷിക രംഗത്ത് പാലക്കാട് ജില്ലയിൽ 2012-13 സാമ്പത്തിക വർഷം 16,86,22,548/- രൂപയുടെയും, 2016-17 സാമ്പത്തിക വർഷം 97,26,45,800/- രൂപയുടെയും തൃശ്ശൂർ ജില്ലയിൽ 2018-ൽ 2,18,49,592/- രൂപയുടെയും നഷ്ടം കണക്കാക്കിയിട്ടുണ്ട്. മറ്റ് വർഷങ്ങളിലെ കണക്കുകൾ ക്രോഡീകരിച്ചിട്ടില്ല. |

സി) ജലനഷ്ടവും കൃഷിനഷ്ടവും ഉണ്ടായതിന് പരിഹാരം നൽകുന്നതിന് കരാർ ലംഘനം നടത്തിയതിന്റെ പേരിൽ തമിഴ്നാടിനെതിരെ ഇന്നു വരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

സി) പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ തമിഴ്നാട് നടത്തിയ കരാർ വ്യവസ്ഥാ ലംഘനങ്ങളെല്ലാം തന്നെ ഉദ്യോഗസ്ഥ തലത്തിലും സർക്കാർതലത്തിലും കേരളം യഥാസമയം തമിഴ്നാടിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഉഭയകക്ഷി ചർച്ചകളിലും കേരളം ഇക്കാര്യം ശക്തമായി ഉന്നയിച്ചിട്ടുണ്ട്. നിലവിലെ കരാറിൽ, കരാർ ലംഘനങ്ങൾക്കെതിരായി നഷ്ടപരിഹാരം ലഭ്യമാക്കുവാനുള്ള വ്യവസ്ഥയില്ല.

എന്നാൽ 2012 - 2013 ജലവർഷത്തിൽ, തമിഴ്നാടിന്റെ, പി.എ.പി കരാർ വ്യവസ്ഥാ ലംഘനങ്ങൾക്കെതിരെ 16.04.2013 ന് ബഹു: സുപ്രീം കോടതിയിൽ ഒരു അസ്സൽ അന്യായവും (2 ഓഫ് 2013), ഒരു ഇടക്കാല ഹർജിയും (1 ഓഫ് 2013) കേരളം ഫയൽ ചെയ്യുകയുണ്ടായി. ഈ ഹർജിയിൽ വൈദ്യുതോൽപ്പാദനരംഗത്തും കാർഷികമേഖലയിലുമായി കേരളത്തിന് ഉണ്ടായ നഷ്ടം യഥാക്രമം 39,26,00,000/- രൂപയും 16,86,22,548/- രൂപയും കണക്കാക്കി ആകെ 56,12,22,548/- രൂപ നഷ്ടപരിഹാരമായി ആവശ്യപ്പെട്ടിട്ടുണ്ട്. കേസിന്റെ തുടർ നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

ഡി) ഈ വിഷയത്തിൽ ഇനി എടുക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഡി) കരാർ ലംഘനങ്ങൾ അപ്പോൾ തന്നെ തമിഴ്നാടിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതും പരിഹാര നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെടുന്നതും കൂടാതെ ഉഭയകക്ഷി ചർച്ചകൾ തമിഴ്നാടുമായി തുടരാനുമാണ് തീരുമാനം.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| Water Year | Kerala Sholayar | | | Manacadavu | | |
|---|---|---|---|---|---|---|
| | Quantity in Mcft. | Level on September 1st in feet | Level on February 1st in feet | Quantity realised in Mcft. | Quantity net accepted in Mcft. | Upper Nirar quantity received in Mcft. |
| 2005-06 | 14921 | **2663.00** | **2663.00** | 12990 | 6680 | 1505 |
| 2006-07 | 13821 | **2663.00** | 2658.40 | 9382 | 7877 | 1060 |
| 2007-08 | 13118 | **2663.00** | 2651.00 | 18095 | 6836 | 1311 |
| 2008-09 | 12347 | 2654.80 | **2663.00** | 8479 | 7618 | 921 |
| 2009-10 | 12307 | **2663.00** | **2663.00** | 13344 | 7581 | 1243 |
| 2010-11 | 12334 | **2663.00** | **2663.00** | 14079 | 7759 | 1561 |
| 2011-12 | 12321 | **2663.00** | **2663.00** | 13892 | 7812 | 960 |
| 2012-13 | 10663 | 2656.40 | 2645.60 | 5876 | 5574 | 763 |
| 2013-14 | 12950 | **2663.00** | **2663.00** | 10704 | 7521 | 950 |
| 2014 -15 | 12725 | **2663.00** | **2663.00** | 14144 | 7467 | 974 |
| 2015 -16 | 11114 | 2656.30 | 2651.50 | 9953 | 7292 | 1131 |
| 2016 -17 | 8204 | 2651.40 | 2643.70 | 4423 | 4378 | 665 |
| 2017-18** | | 2651.60 | 2652.20 | | | |

**ജലവർഷം പൂർത്തിയായിട്ടില്ല